## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത്- ഐ.ടി.സ്കിൽ ഡെവലപ്മെന്റ് സെന്ററിലേയ്ക്ക് -യു.പി.എസ്.വാങ്ങിയത്- ചെലവായ 49134/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്**

സ.ഉ (സാധാ)നം. 3540 /2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 29/12/2016.

---

പരാമർശം: 1. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 03.06.2016-ലെ എ 8-1902/2014 നമ്പർ'കത്ത്.

2. കൊല്ലം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 30.05.2016-ലെ 5(10-)ാം നമ്പർ തീരുമാനം.

3. 2013-14 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1

### <u>ഉത്തരവ്</u>

കൊല്ലം ജില്ലാ പഞ്ചായത്ത് 2013-14 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് സ്ഥാപനമായ ഐ.ടി.സ്കിൽ ഡെവലപ്മെന്റ് സെന്ററിലേയ്ക്ക് 49134/-ചെലവഴിച്ച് യു.പി.എസ് ബാറ്ററികൾ സിഡ്കോയിൽനിന്ന് നേരിട്ട് വാങ്ങുകയുണ്ടായി. എന്നാൽ ഐ.ടി.സ്കിൽ ഡെവലപ്മെന്റ് സെന്ററിലേയ്ക്ക് യു.പി.എസ് ബാറ്ററികൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയോ ശരിയായ നടപടിക്രമം പാലിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പരാമർശം (3) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത നടപടി തടസ്സപ്പെടുത്തി.

2) കേരള സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം 15,000/- രൂപയിൽ കൂടിയ വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാലാണ് ഓഡിറ്റ് റിപ്പോർട്ടിൽ ജില്ലാ പഞ്ചായത്ത് നടപടി നിരാകരിച്ചത്.

3) സിഡ്കോയെ ഐ.ടി.ആക്ഷൻ പ്ലാനിന്റെ ടോട്ടൽ സർവീസ് പ്രൊവൈഡറായി അംഗീകരിച്ചിട്ടുള്ളതിനാലാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ ഐ.ടി.സ്കിൽ ഡെവലപ്മെന്റ് സെന്ററിലേയ്ക്ക് യു.പി.എസ് ബാറ്ററികൾ സിഡ്കോയിൽനിന്നും വാങ്ങിയതെന്നും ഈ ഇനത്തിൽ ചെലവായ 49134/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം

കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം (പരാമർശം 2) അപേക്ഷിച്ചിട്ടുണ്ട്.

4)മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയംസർക്കാർ വിശദമായി പരിശോധിച്ചു. 2013-14 കാലഘട്ടത്തിൽ നിലവിലിരുന്ന സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 49134/- രൂപ അടങ്കൽ വരുന്ന സമാഹരണങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ഈ വിഷയത്തിൽ അത് ചെയ്യാതിരുന്നത് തെറ്റായ നടപടിയാണ്. എന്നാൽ പ്രോജക്റ്റിനു ചെലവായ തുക 49134/- രൂപ മാത്രമാണ്. ഈ കാര്യത്തിൽ എന്തെങ്കിലും ദുരുദ്ദേശപരമായ താല്പര്യം ആർക്കെങ്കിലും ഉണ്ടായിരുന്നു എന്ന് കാണാനുമാകില്ല. ആയതിനാൽ കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, എന്നിവയുടെ അടിസ്ഥാനത്തിൽ ഐ.ടി.സ്കിൽ ഡെവലപ്മെന്റ് സെന്ററിലേയ്ക്ക് 2013-14 സാമ്പത്തിക വർഷം യു.പി.എസ് ബാറ്ററികൾ സിഡ്കോയിൽനിന്ന് നേരിട്ട് വാങ്ങിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**റ്റി .ശ്രീകുമാർ**
ഗവ .ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം,തിരുവനന്തപുരം(.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.